# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM8/329/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/04/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം,
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, മലപ്പുറം

നമ്പർ: KSA.MPM8/329/22 തീയ്യതി: 06/04/2022

## മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-07-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സൈമൺ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആതവനാട് മുഹമ്മദ് കുട്ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.ചന്ദ്രൻ ടി | സെക്രട്ടറി | 01-04-2019 | 19-06-2019 |
| ശ്രീമതി. അജിത കെ | സെക്രട്ടറി | 20-06-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സൈനബ കെ ടി | ഐ.സി.ഡി.എസ് സൂപ്പർവൈസ(ഇൻചാർജ്)ർ | 01-04-2019 | 31-05-2019 |
| ശ്രീമതി. സീമ തമ്പി | സി ഡി പി ഒ | 01-06-2019 | 20-07-2019 |
| ശ്രീമതി. കോമളം പി | സി ഡി പി ഒ | 22-07-2019 | 31-07-2019 |
| ശ്രീമതി. പത്മജാദേവി | സി ഡി പി ഒ | 01-08-2019 | 31-03-2020 |
| ഡോ.വിജിത്ത് വിജയശങ്കർ | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 01-04-2019 | 31-03-2020 |
| ശ്രീ. തേജോ കെ കൈമൾ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 08-07-2019 |
| ശ്രീ. സെബി വി എ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 09-07-2019 | 06-02-2020 |
| ശ്രീ. സുധീർ പി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 07-02-2020 | 31-03-2020 |
| ശ്രീമതി. അനിലാ റാണി | എസ്.സി.ഡി.ഒ | 01-04-2019 | 28-10-2019 |
| ശ്രീ. എൽദോസ് | എസ്.സി.ഡി.ഒ | 29-10-2019 | 11-11-2019 |
| ശ്രീ. വാസുദേവൻ | എസ്.സി.ഡി.ഒ | 12-11-2019 | 31-01-2020 |
| ശ്രീ. അശോകൻ പി | എസ്.സി.ഡി.ഒ | 01-02-2020 | 31-03-2020 |
| ശ്രീമതി. ആശ ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 26-08-2019 |
| ശ്രീ. മഹേഷ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ (അഡീഷണൽ ചാർജ്) | 27-08-2019 | 19-09-2019 |
| ശ്രീമതി. ബീന എം കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-09-2019 | 31-03-2020 |
| ശ്രീ. പ്രകാശ് ബാബു എം | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2019 | 24-07-2019 |
| ശ്രീ. മനോജ് കുമാർ എം | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 25-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി. നന്ദിത എം.ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-10-2019 |
| ശ്രീ. അബ്ദുൽ ഖാലിക് സി.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-11-2019 | 31-03-2020 |
| ഒഴിവ് | സി ഡി പി ഒ | 21-07-2019 | 21-07-2019 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Sujitha.P.K (Auditor, On 31-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Sujitha.P.K (Auditor, On 31-01-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Sujitha.P.K (Auditor, On 31-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 01-02-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Sujitha.P.K (Auditor, On 31-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Sujitha.P.K (Auditor, On 02-02-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-01-2022) | 1-11 |
| 13 | എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ -അപാകതകൾ<br>Written By: Sujitha.P.K (Auditor, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-12 |
| 14 | വി.ഇ.ഒ. ക്വാർട്ടേഴ്സ് - നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-13 |
| 15 | വിനിയോഗ സാക്ഷ്യപത്രം വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-14 |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-15 |
| 17 | IKM ൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 31-01-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 31-01-2022) | 1-15-1 |

| | | |
|---|---|---|
| 18 | KWA ൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-15-2 |
| 19 | ഫർണീച്ചർ -സ്റ്റോക്ക് രജിസ്റ്റർ -അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 31-01-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 31-01-2022) | 1-16 |
| 20 | ഉപകരണങ്ങൾ വാങ്ങുന്നതിന് അധിക തുക നൽകി<br>Written By: Sujitha.P.K (Auditor, On 05-02-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 1-17 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 27-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Sujitha.P.K (Auditor, On 01-02-2022) | 4-2 |
| 3 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 27-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Sujitha.P.K (Auditor, On 01-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 27-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 4-7 |
| 8 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Sujitha.P.K (Auditor, On 01-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 27-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Simon K (Senior Deputy Director, On 22-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Simon K (Senior Deputy Director, On 30-03-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/1 - 26.03.2019 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 30.08.2020 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21567370 |
| വരവ് | 52368894 |
| ആകെ | 73936264 |
| ചെലവ് | 50293505 |
| നീക്കിയിരിപ്പ് | 23642759 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 48028000 | 48028000 | 29981291 | 18046709 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11843000 | 11843000 | 7800389 | 4042611 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 681000 | 681000 | 0 | 681000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6284000 | 6284000 | 5339553 | 944447 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 |

## 1-4-1 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Maintenance Fund (Non-Road)- ചെലവ് 3051567/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 5339553/-രൂപയാണ്. 2287986/-രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 128 | 89635904 | 92 | 41175856 | 0 | 36 | 71.87% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമപദ്ധതികൾ

ബാധകമല്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2022 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ഇനത്തിൽ ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

മാസ്റ്റർ ഇൻകുമ്പൻസി റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചതും കൈമാറിക്കിട്ടിയതുമായ കെട്ടിടങ്ങൾ പൊതു ജനത്തിന് പ്രയോജനപ്പെടുത്തുന്നതിനും അതു വഴി വരുമാന സ്രോതസ്സ് കണ്ടെത്തുന്നതിനും ശ്രദ്ധ ചെലുത്തിയിട്ടില്ല.ഉദാ-കടുങ്ങാത്തുകുണ്ടിലുള്ള വി.ഇ.ഒ. ക്വാർട്ടേഴ്സ്, ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയ വിശ്രമ മുറി, മിനി ഹാൾ, ഓപ്പൺ ലൈബ്രറി,സ്നാക്സ് കൗണ്ടർ എന്നിവ പ്രവർത്തിക്കാതെ അടഞ്ഞ് കിടക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2021 -13.10.2021 | 2019-20, 2020-21 | 15.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.01.2019 -22.01.2019 | 01.08.2016 – 31.12.2018 | 01.03.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. താഴെ പറയുന്ന ഫണ്ടിനങ്ങളുടെ ചെലവ് തുക AFS, ACR എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | AFS പ്രകാരം | ACR പ്രകാരം | വ്യത്യാസം |
|---|---|---|---|
| Developement Fund General | 29963839 | 29981291 | 17452 |
| Maintenance Fund Non-Road | 3051567 | 5339553 | 2287986 |

2.താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവ് സുലേഖയിൽ ബുക്ക് ചെയ്തിട്ടില്ല.

| പ്രൊജക്ട് നം. | ഫണ്ട് | സുലേഖയിലെ ചെലവ് | യഥാർത്ഥ ചെലവ് | വ്യത്യാസം |
|---|---|---|---|---|
| 149/19-20 | തനത് ഫണ്ട് | 0 | 80000 | 80000 |
| 146/19-20 | തനത് ഫണ്ട് | 25900 | 30000 | 4100 |

3. AFS, B-7 Schedule പ്രകാരം 262961/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ മേൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4. AFS, B-18 Schedule പ്രകാരം Kerala Water Authorityക്ക് മുൻകൂറായി നൽകിയ തുകയുടെ ബാലൻസ് 4323804/-രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 4150000/-രൂപയാണ്.

5. B-9 ഷെഡ്യൂളിലെ Stale Cheque ഇനത്തിലെ 33260 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6. Lease Rental ഇനത്തിലെ ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഈ ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിക്കാനായില്ല.

7. എല്ലാ ആസ്തികളുടെയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ -അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ -പട്ടികജാതി വികസന ഓഫീസർ
പദ്ധതി നം-15/20
അടങ്കൽ- 4083400 (SCP)
ചെലവ് തുക – 2550,000

എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ എന്ന പദ്ധതി പ്രകാരം 30 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്. അതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|

| | | |
|---|---|---|
| 1 | സുരേഷ്, മുളക്കത്തൊടി (ആതവനാട് ഗ്രാമ പഞ്ചായത്ത്) | 170000 |
| 2 | പ്രദീപ് വി.പി, വാരിയത്ത് പടി (കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്) | 50,000 |
| 3 | രവീന്ദ്രൻ, പേരഴിപറമ്പിൽ (ആതവനാട് ഗ്രാമ പഞ്ചായത്ത്) | 170000 |
| 4 | സുബ്രഹ്മണ്യൻ പി, പാറേക്കളം (ആതവനാട് ഗ്രാമ പഞ്ചായത്ത്) | 170000 |

പഠനമുറി പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/31.01.2022 ) ക്രമ നം 1,3,4 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച് വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാം എന്നറിയിച്ചിട്ടുണ്ടെന്നും ക്രമ നം.2 പ്രകാരമുള്ള ഗുണഭോക്താവിനെതിരെ യഥാവിധി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വി.ഇ.ഒ. ക്വാർട്ടേഴ്സ് - നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് താനൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കൈമാറിക്കിട്ടിയിട്ടുള്ള കടുങ്ങാത്തുകുണ്ടിൽ സ്ഥിതി ചെയ്യുന്ന വി.ഇ.ഒ. ക്വാർട്ടേഴ്സ് എന്ന കെട്ടിടം നവീകരിക്കുന്നതിനും ടി- കെട്ടിടം ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായുള്ള പ്രൊജക്ട് 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തുകയും കെട്ടിടം പെയിന്റിംഗ് നടത്തുകയും മുകളിൽ ഒരു മീറ്റിംഗ് ഹാൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ ഒന്നാം നിലയിലേക്ക് പ്രവേശിക്കുന്നതിന് നിലവിൽ പ്രവേശന മാർഗ്ഗം ഇല്ലാത്തതിനാൽ കെട്ടിടത്തിന്റെ വലതു ഭാഗത്ത് പുതിയ കോണി മുറി നിർമ്മിക്കുകയും ഒന്നാം നിലയിലേക്ക് പ്രവേശന മാർഗ്ഗം ഒരുക്കുകയും ചെയ്തു. മീറ്റിംഗ് ഹാളിനകത്ത് ഒരു സ്റ്റേജ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തി ചെയ്യുന്നതിന് അസി.എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 16 ലക്ഷം രൂപ അടങ്കലുള്ള പ്രൊജക്ട് തയ്യാറാക്കുകയും (പ്രൊജക്ട് നമ്പർ- 110/20 (സ്പിൽഓവർ)) ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ 15,55,195 രൂപ ചെലവഴിക്കുകയും ചെയ്തു. (സിവിൽ വർക്കുകൾ- 13,88,951 രൂപ, ഇലക്ട്രിഫിക്കേഷൻ- 166244 രൂപ) എന്നാൽ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ചെങ്കിലും നാളിതു വരെ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. കെട്ടിടത്തിൽ വെള്ളം, ശുചിത്വ സൗകര്യങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടില്ല. കെട്ടിടം നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്ന് 31.1.2022 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു.

കെട്ടിടം നാളിതു വരെ പ്രവർത്തനക്ഷമമാക്കാത്തതിനും വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 7/ 19-20/31.1.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടം എത്രയും വേഗം പ്രവർത്തനക്ഷമമാക്കി ബ്ലോക്ക് പഞ്ചായത്തിനു വാടകയിനത്തിൽ വരുമാനം ലഭിക്കാനുള്ള പ്രായോഗിക നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-14 വിനിയോഗ സാക്ഷ്യപത്രം വിവരം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ,

പ്രോജക്ട് നമ്പർ- 61/2019-20

ബിൽ റെഫറൻസ് നം-191508520354010334479/17.12.2019(250000/-രൂപ)

191508520354015365557/18.03.2020(75000/-രൂപ)

ഭിന്നശേഷി വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള മേൽ പ്രൊജക്ട് പ്രകാരം, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിലേക്കായി എടയൂർ ഗ്രാമ പഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുള്ള 325000/-രൂപയുടെ (പൊതു വിഭാഗം സാധാരണ വിഹിതം) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കൂടാതെ എടയൂർ, കൽപ്പകഞ്ചേരി, മാറാക്കര, ആതവനാട് എന്നീ ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ഗുണഭോക്താക്കളുടെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് സമർപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ്

എൻക്വയറി (നമ്പർ. 06/2019-20 തിയ്യതി . 31.01.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 325000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/29.1.2022)മറുപടി നൽകിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

### 1-15-1 IKM ൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പ്രോ. നം | പേര് | ചെലവ് തുക | ബിൽ നം, തിയ്യതി | അപാകത |
|---|---|---|---|---|
| 1/19-20 | IKM ന് അടക്കേണ്ട വിഹിതം | 60552 | 13/ 27.9.2019 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 60552 രൂപ തടസ്സം ചെയ്യുന്നു.

### 1-15-2 KWA ൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പ്രോ. നം | പേര് | ചെലവ് തുക | ബിൽ നം, തിയ്യതി | അപാകത |
|---|---|---|---|---|
| 9/19-20 | പുത്തനത്താണി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 750,000 | 15/ 24.10.2019 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 10/19-20 | ചേലക്കുത്ത് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 750,000 | 9/ 27.8.2019 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 13/19-20 | കരേക്കാട് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 750,000 | 11/ 27.8.2019 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 94/19-20 | നെച്ചിത്തൊടി എസ്.സി കോളനി- തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 400,000 | 32/ 30.1.2020 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| | | 2650,000 | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 2650,000 രൂപ തടസ്സം ചെയ്യുന്നു.

## 1-16 ഫർണീച്ചർ -സ്റ്റോക്ക് രജിസ്റ്റർ -അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ ഫർണീച്ചർ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വിവിധ പദ്ധതികൾ പ്രകാരം വാങ്ങുന്ന സാധനങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ അതാതു പേജിലെ സ്റ്റോക്കിനോടൊപ്പം ചേർത്ത് എഴുതുന്നതിന് പകരം, ഒരു ഇൻവോയ്സിലെ വിവരങ്ങൾ മുഴുവൻ ഒരു പേജിൽ പകർത്തി എഴുതുന്ന രീതിയിൽ ആണ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിരിക്കുന്നത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ "മീറ്റിങ് ഹാളിലേക്ക് ഫർണീച്ചർ വാങ്ങൽ" എന്ന പദ്ധതി (120/19-20) പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്നും 298068 രൂപ (ബിൽ നം. 16/ 30.10.2019) ചെലവഴിച്ച് വാങ്ങിയ ഫർണീച്ചറും ഇപ്രകാരമാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്. സ്ഥാപനത്തിലെ സാധനങ്ങളുടെ മൊത്തം സ്റ്റോക്ക് മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഉപകരണങ്ങൾ വാങ്ങുന്നതിന് അധിക തുക നൽകി

പ്രൊജക്റ്റിന്റെ പേര്- താലൂക്ക് ആശുപത്രിയിലെ നേത്ര രോഗ വിഭാഗം ശാക്തീകരണം
നിർവഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ

നം-62/2020

അടങ്കൽ-350000(മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ്-298929

ബിൽ നം/തീ-7/19-20-20.01.2020

താലൂക്ക് ആശുപത്രിയിലെ നേത്ര രോഗ വിഭാഗം ശാക്തീകരണത്തിന്റെ ഭാഗമായി പ്രസ്തുത വിഭാഗത്തിന് ആവശ്യമായ ഓട്ടോ റിഫ്രാക്ടോമീറ്റർ വിത്ത് കരാറ്റോ മീറ്ററും ഡയറക്ട് ഒഫ്ത്താൽമോസ്കോപ്പും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിനാണ് മേൽ പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഓട്ടോ റിഫ്രാക്ടോമീറ്റർ വിത്ത് കരാറ്റോ മീറ്ററിന് 270585/- രൂപയും ഒഫ്ത്താൽമോസ്കോപ്പിന് 28344/- രൂപയും കൂടി ആകെ 298929/-രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സ് നം.HOEQ-1920-10937/25.02.20 പ്രകാരം ഓട്ടോ റിഫ്രാക്ടോമീറ്റർ വിത്ത് കരാറ്റോ മീറ്ററിന് 252000/- രൂപയും ഇൻവോയ്സ് നം.UA-40/21/05.04.21 ഡയറക്ട് ഒഫ്ത്താൽമോസ്കോപ്പിന് 26490/- രൂപയുമാണ് ആയിട്ടുള്ളത്. അധികമായി 20439/- രൂപ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞുകൊണ്ട് എൻക്വയറി (എൻക്വയറി നം 4/29.01.2022/2019-20) നൽകിയിരുന്നതിന് പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുകയാണ് നല്കിയിരിക്കുന്നതെന്നും അടച്ച തുകയ്ക്കുള്ള ഇൻവോയ്സ് ലഭ്യമാക്കാൻ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കത്തയച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തുടർ വിവരങ്ങൾ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 0 | 79599 | PMAY(G) | 79599 | 0 |
| ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | 0 | 50000 | PMAY(G) | 50000 | 0 |
| ആകെ | 0 | 129599 | | 129599 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| KWA | 9/19-20 പുത്തനത്താണി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 15/24.10.2019 | 750000 | 0 | പൂർത്തീകരിച്ചിട്ടില്ല | 750000 |
| KWA | 10/19-20 ചേലക്കത്ത് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 9/27.08.2019 | 750000 | 0 | പൂർത്തീകരിച്ചിട്ടില്ല | 750000 |

| | | | | | | |
|---|---|---|---|---|---|---|
| KWA | 13/19-20 കരേക്കാട് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 11/27.08.2019 | 750000 | 0 | പൂർത്തീകരിച്ചിട്ടില്ല | 750000 |
| KWA | 94/19-20 നെച്ചിത്തൊടി എസ്.സി കോളനിയിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 32/30.01.20 | 4150000 | 0 | പൂർത്തീകരിച്ചിട്ടില്ല | 4150000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി/ തിയതി |
|---|---|---|---|---|
| -- | -- | 5830/- | -- | 1190310100011/ 12.07.19 |

കുറിപ്പ്

2018-19 ലെ ഓഡിറ്റ് വേളയിലെ എൻക്വയറി പ്രകാരം അടവാക്കിയ തുക.

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-3 | 2007-08 | 3-1-53 | സ്ഥലം വാങ്ങൽ അപാകതകൾ | നടപടികൾ തുടരുന്നു |
| 2003-04 | 2-10 | ,, | 3-1-54 | ,, | ,, |
| 2002-03 | 3-8,3-12,3-16 | ,, | 3-61(1)(2)(3) | മരാമത്ത് പ്രവൃത്തി. നികുതികൾ ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയില്ല | ,, |

| | | | | | |
|---|---|---|---|---|---|
| 2014-15 | 3-3 | 2015-16 | 8-20 | അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി വാങ്ങി. 6.5 ലക്ഷം രൂപയുടെ പാഴ് ചെലവ് | „ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52368894 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50293505 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,35,552 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1--14 | 325000 | ശ്രീമതി. അജിത കെ ,സെക്രട്ടറി |
| 1-15-1 | 60552 | ശ്രീമതി. അജിത കെ ,സെക്രട്ടറി |
| 1-15-2 | 2650000 | ശ്രീമതി. അജിത കെ ,സെക്രട്ടറി |
| ആകെ | 3035552 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-98 | എൽ.എഫ്.എം12/1122/99 തീയ്യതി 10.9.12 | 5 |
| 1998-99 | എൽ.എഫ്.എം12/887/00 തീയ്യതി 10.9.12 | 2 |
| 1999-00 | എൽ.എഫ്.എം4/460/05 തീയ്യതി 10.9.12 | 6 |
| 2000-01 | എൽ.എഫ്.എം4/1163/05 തീയ്യതി 10.9.12 | 15 |
| 2001-02 | എൽ.എഫ്.എം4/1161/05 തീയ്യതി 10.9.12 | 10 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.എം17/1612/06 തീയ്യതി 20.8.10/10.9.12 | 8 |
| 2003-04 (ചെലവ്) | എൽ.എഫ്.എം17/1193//07 തീയ്യതി 10.9.12 | 11 |
| 2004-05 (ചെലവ്) | എൽ.എഫ്.എം17/1194/07 തീയ്യതി 10.9.12 | 3 |
| 2005-06 (ചെലവ്) | എൽ.എഫ്.എം17/1195/07 തീയ്യതി 20.8.10 | 5 |
| 2006-07 (ചെലവ്) | എൽ.എഫ്.എം09/590/10 തീയ്യതി 17.1.13 | 11 |
| 2007-08 (ചെലവ്) | എൽ.എഫ്.എം09/591/10 തീയ്യതി 16.1.13 | 12 |
| 2008-09 (ചെലവ്) | എൽ.എഫ്.എം09/1586/10 തീയ്യതി 20.9.2010 | 16 |
| 2004-05 മുതൽ 2008-09 വരെ (വരവ്) | എൽ.എഫ്.എം04/2421(1)/14 തീയ്യതി 18.11.2014 | 1 |
| 2009-10-2013-14 | എൽ.എഫ്.എം.4/2421(2)/2014 തീയ്യതി 18.11.2014 | 13 |
| 2014-15 | കെ.എസ്.എ. എം.പി.എം 8/2516/15 തീയ്യതി. 16.11.2015 | 15 |
| 2015-16 | കെ.എസ്.എ. എം.പി.എം.8/524/2017 | 15 |
| 2016-17 | കെ.എസ്.എ. എം.പി.എം.8/2556/17/05-12-2017 | 6 |
| 2017 -18 | കെ.എസ്.എ. എം.പി.എം.8/392/2019/(12.4.19) | 16 |
| 2018 -19 | കെ.എസ്.എ. എം.പി.എം.8/978/2020/30.10.20 | 19 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്